# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 882 — 07.02.2013 ൽ മറുപടിയ്ക്ക്

## ഇടമലയാർ ഇറിഗേഷൻ പദ്ധതി

| ചോദ്യം<br>ശ്രീ. ജോസ് തെറ്റയിൽ | മറുപടി<br>ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
|---|---|
| (എ) ഇടമലയാർ ഇറിഗേഷൻ പദ്ധതിയുടെ ഭാഗിക കമ്മീഷനിംഗിനായി പണി പൂർത്തീകരിക്കേണ്ട ചെയിനേജുകൾ ഏതെല്ലാമെന്നും പ്രസ്തുത പ്രവൃത്തികൾക്കായി അനുവദിച്ച തുക എത്രയെന്നും വ്യക്തമാക്കുമോ ; | (എ) ഇടമലയാർ ഇറിഗേഷൻ പദ്ധതിയുടെ ഭാഗിക കമ്മീഷനിംഗിനായി പണി പൂർത്തീകരിക്കേണ്ട ചെയിനേജുകൾ താഴെ ചേർക്കുന്നു.<br>ചെ. 7400 മീ. മുതൽ 7600 മീ. വരെ മെയിൻ കനാൽ - 1,91,72,850/- രൂപ.<br>ചെ. 7600 മീ. മുതൽ 8000 മീ. വരെ മെയിൻ കനാൽ - 1,82,45,600/- രൂപ. |
| (ബി) പ്രസ്തുത പ്രവൃത്തികൾ എന്നാണ് ടെണ്ടർ ചെയ്തതെന്നും കരാർ ആരാണ് ഏറ്റെടുത്തിട്ടുള്ളതെന്നും സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ; | (ബി) പ്രവൃത്തി 7400 മീ. മുതൽ 7600 മീ. വരെ എഗ്രിമെന്റ് നം. 5/എസ്.ഇ. പി.സി/05-06 തീയതി 31.03.06 കരാറുകാരൻ ചന്ദ്രഗിരി കൺസ്ട്രക്ഷൻസ്.<br>പ്രവൃത്തി 7600 മീ. മുതൽ 8000 മീ. വരെ എഗ്രിമെന്റ് നം. 7/എസ്.ഇ. പി.സി (പിറവം)/07-08 തീയതി 23.04.2007 കരാറുകാരൻ ചന്ദ്രഗിരി കൺസ്ട്രക്ഷൻസ്. |
| (സി) കരാർ പ്രകാരം പ്രസ്തുത പ്രവൃത്തികൾ എന്നാണ് പൂർത്തീകരിക്കേണ്ടിയിരുന്നതെന്നും എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്നും കരാർ പ്രകാരം പണി പൂർത്തീകരിക്കാത്തവർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ ? | (സി) കരാർ പ്രകാരം മെയിൻ കനാൽ ചെയിനേജ് 7400 മീറ്റർ മുതൽ 7600 മീറ്റർ വരെയുള്ള പ്രവൃത്തി 09.10.2007-ലും, ചെയിനേജ് 7600 മീറ്റർ മുതൽ 8000 മീറ്റർ വരെയുള്ള പ്രവൃത്തി കരാർ പ്രകാരം 24.10.2008-ലും പൂർത്തീകരിക്കേണ്ടതായി രുന്നു. പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാഞ്ഞതിനാൽ ടെർമിനേറ്റ് ചെയ്യുകയുണ്ടായി. എന്നാൽ കരാറുകാരന്റെ ആവശ്യപ്രകാരം ഈ പ്രവൃത്തികൾ, ഒരു മാസത്തിനുള്ളിൽ തീർക്കുവാനുള്ള നിർദ്ദേശത്തോടുകൂടി ടെർമിനേഷൻ റിവോക്ക് ചെയ്തു. ഇനിയും Concrete Lining Work-ഉം കൂടി ചെയ്യാൻ ബാക്കിയുണ്ട്. എന്നിരുന്നാലും മെയിൻ കനാൽ ഭാഗികമായി കമ്മീഷൻ ചെയ്യുന്നതിന് സജ്ജമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 883 — 07.02.2013 ൽ മറുപടിയ്ക്ക്

# ഡാമുകളിൽ നിന്നുള്ള മണൽ വാരൽ

| ചോദ്യം | മറുപടി |
|---|---|
| പ്രൊഫ. സി. രവീന്ദ്രനാഥ് | ശ്രീ.പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കേരളത്തിലെ ഡാമുകളിൽ മണലും, ചെളിയും അടിത്തട്ടിൽ അടഞ്ഞ് നിശ്ചയിച്ച വെള്ളം സംഭരിക്കാൻ കഴിയുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) മണൽ നിറഞ്ഞ് കിടക്കുന്ന ജലസംഭരണിയിൽ നിന്നും സർക്കാർ ഏജൻസികൾ മുഖേന മണൽ വാരി സർക്കാർ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ? | (ബി) സംസ്ഥാനത്തെ ജലസംഭരണികളിൽ അടിഞ്ഞുകൂടിയിട്ടുള്ള എക്കൽമണ്ണ് നീക്കം ചെയ്യുവാനുള്ള സംരംഭത്തിന് സർക്കാർ തത്ത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഡാമുകളിൽ നിന്നും മണൽ വാരുന്നതിനായി ഒരു സമഗ്ര നയം രൂപീകരിക്കുന്നതിനായി ജലവിഭവ പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനായുള്ള ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി ഇക്കാര്യത്തിന്റെ വിവിധ വശങ്ങൾ പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ